കേരള സർക്കാർ

സംഗ്രഹം

വനിതാശിശുവികസന വകുപ്പ് - കേരള വനിതാ കമ്മീഷൻ- ദേശീയ വനിതാ കമ്മീഷൻ സംഘടിപ്പിച്ച റീജിയണൽ കൺസൾട്ടേഷൻ മീറ്റിന് കേരള വനിതാ കമ്മീഷൻ തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വച്ച് ആതിഥേയത്വം വഹിച്ച നടപടി, അധിക ചെലവ് എന്നിവ സാധൂകരിച്ചുകൊണ്ടും പ്രസ്തുത ചെലവ് 2235-02-103-90(03) ശീർഷകത്തിൽ നിന്ന് നികത്തുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിതാശിശുവികസന (ബി) വകുപ്പ്

**G.O.(Rt)No. 483/2025/WCDD** **Dated,06/12/2025**

എ.എസ് നമ്പർ : AS/WCD/25/47488 കാലാവധി : 31/03/2026

AS/WCD/25/47488

പരാമർശം:- 1. ദേശീയ വനിതാ കമ്മീഷന്റെ Sanction Order No. 17-34/06/2022/PHCHR (NCW) തീയതി. 24/07/2023.

2. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ 04/01/2025, 27/02/2025, 20/08/2025 തീയതികളില ബി1/1061/2023/കേവക നമ്പർ കത്തുകൾ

## ഉത്തരവ്

ദേശീയ വനിതാ കമ്മീഷൻ സംഘടിപ്പിച്ച് കേരള വനിതാ കമ്മീഷൻ ആതിഥേയത്വം വഹിച്ച "Regional Consultation Meet" 16/08/2023-ന് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വെച്ച് നടത്തപ്പെടുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ സ്വാധാർഗ്രഹ്, ഉജ്ജ്വല, വൺസ്റ്റോപ് സെന്ററുകൾ എന്നീ പദ്ധതികളെക്കുറിച്ചുള്ള പ്രത്യേക ചർച്ച നടത്തുകയും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലുങ്കാന എന്നിവിടങ്ങളിൽ നിന്നും വനിതാ കമ്മീഷൻ പ്രതിനിധികളും എൻ ജി ഒ കളും പങ്കെടുക്കുകയും ചെയ്തിരുന്നു. ദേശീയ വനിതാ കമ്മീഷൻ പ്രസ്തുത പരിപാടിയ്ക്കായി പരാമർശം (1) പ്രകാരം 5,05,000/-രൂപയുടെ ബജറ്റാണ് നിശ്ചയിച്ചിരുന്നത്.

2) ദേശീയ വനിതാ കമ്മീഷനിൽ നിന്നും പരിപാടി നടത്തുന്നതിലേക്കായി പെട്ടെന്നുള്ള നിർദ്ദേശമായതിനാൽ മറ്റു ഹാളുകളൊന്നും ലഭ്യമായിരുന്നില്ലായെന്നും ദേശീയ വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടി ആയതുകൊണ്ടും വിവിധ സംസ്ഥാനങ്ങളിൽ നിന്നും പ്രതിനിധികൾ പങ്കെടുക്കുന്നതിനാലും പരിപാടിയോടുള്ള താത്പര്യാർത്ഥം 300-ഓളം പേർ പരിപാടിയിൽ പങ്കെടുത്തതിനാലും തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വച്ച് പ്രസ്തുത പരിപാടി

സംഘടിപ്പിക്കേണ്ട സാഹചര്യമുണ്ടായെന്നും എന്നാൽ ദേശീയ വനിതാ കമ്മീഷൻ 5,05,000/- രൂപ (അഞ്ച് ലക്ഷത്തി അയ്യായിരം രൂപ മാത്രം) മാത്രമേ ഇതുവരെ അനുവദിച്ചിട്ടുള്ളൂവെന്നും പ്രസ്തുത മീറ്റിനായി 5,70,647/- രൂപ (അഞ്ച് ലക്ഷത്തി എഴുപതിനായിരത്തി അറുന്നൂറ്റി നാല്പത്തിയേഴ് രൂപ മാത്രം) ചെലവാകുകയുണ്ടായെന്നും നിരവധി തവണ പണം ആവശ്യപ്പെട്ട് ദേശീയ വനിതാ കമ്മിഷന് കത്ത് നൽകിയെങ്കിലും അധികമായി ചെലവായ 65,647/- രൂപ (അറുപത്തിയയ്യായിരത്തി അറുന്നൂറ്റി നാല്പത്തിയേഴ് രൂപ മാത്രം) അനുവദിക്കുകയില്ല എന്ന് ദേശീയ കമ്മീഷൻ അറിയിച്ചിട്ടുണ്ടെന്നും അധികം ചെലവായ തുകയായ 65,647/- രൂപ മസ്കറ്റ് ഹോട്ടൽ തിരുവനന്തപുരത്തിന് നൽകേണ്ടതുണ്ടെന്നും പരാമർശം (2) പ്രകാരം മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു. കേരള വനിതാ കമ്മീഷനും ദേശീയ വനിതാ കമ്മീഷനും സംയുക്തമായി നടത്തിയ റീജിയണൽ കൺസൾട്ടേഷൻ മീറ്റിന് അധികമായി വന്ന ചെലവ് സാധൂകരിക്കണമെന്നും പ്രസ്തുത മീറ്റിന് അധികമായി ചെലവായ തുകയായ ₹65,647/- രൂപ (അറുപത്തിയയ്യായിരത്തി അറുന്നൂറ്റി നാല്പത്തിയേഴ് രൂപ മാത്രം) മസ്കറ്റ് ഹോട്ടൽ, തിരുവനന്തപുരത്തിന് നൽകുന്നതിനായി 2235-02-103-90(03) ലെ കമ്പോണന്റായ (Observing International Women's Day- Special Awareness Campaign) എന്ന ശീർഷകത്തിൽ നിന്നും മാറി നൽകുന്നതിനുള്ള അനുമതി നൽകണമെന്നും കമ്മീഷൻ മെമ്പർ സെക്രട്ടറി അഭ്യർത്ഥിക്കുകയും ചെയ്തിരിക്കുന്നു. 2235-02-103-90(03) ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ₹210.00 ലക്ഷം ആണ്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച സാഹചര്യത്തിൽ ദേശീയ വനിതാ കമ്മീഷൻ 16/08/2023-ന് സംഘടിപ്പിച്ച റീജിയണൽ കൺസൾട്ടേഷൻ മീറ്റിന് കേരള വനിതാ കമ്മീഷൻ തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വച്ച് ആതിഥേയത്വം വഹിച്ച നടപടിയും, പ്രസ്തുത പരിപാടിയ്ക്ക് അധികമായി വന്ന ₹65,647/- രൂപ (അറുപത്തിയയ്യായിരത്തി അറുന്നൂറ്റി നാല്പത്തിയേഴ് രൂപ മാത്രം)യുടെ ചെലവും സാധൂകരിച്ചുകൊണ്ടും പ്രസ്തുത തുക 2235-02-103-90(03) ശീർഷകത്തിൽ നിന്നും മാറി മസ്കറ്റ് ഹോട്ടൽ, തിരുവനന്തപുരത്തിന് നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

AS/WCD/25/47488

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-103-90-03-00-0-P-V | 65,647 | AS/WCD/25/47488 | 2026-03-31 |

### പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | റീജിയണൽ കൺസൾട്ടേഷൻ മീറ്റിന് വേണ്ടി വന്ന അധിക ചെലവ് | 65,647 |
| ആകെ (അറുപത്തി അയ്യായിരത്തി അറുന്നൂറ്റി നാല്പത്തി ഏഴ് രൂപ) | | **65,647** |

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ& ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (UO(R)No. WCD-1/57/2025-FIN (E:3097382), തീയതി. 03/11/2025 പ്രകാരം)
വനിതാശിശു വികസന (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ/കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

SANTHOSHKUMAR T K

Digitally signed by Santhoshkumar T K
Date:2025.12.23 05:14:26 +05:30

AS/WCD/25/47488